ജീവിതരേഖ

പി.കെ ജമാൽ

# തലമുറകളുടെ രാജശിൽപി

## ശൈഖ് അഹ്മദുൽ ഖത്താന്റെ പ്രബോധന-വിപ്ലവ മനസ്സിലൂടെ ഒരനുയാത്ര

**പണ്ഡിതനും** വാഗ്മിയും പ്രബോധകനുമായ ശൈഖ് അഹ്മദുൽ ഖത്താൻ അറബ്-ഇസ്‌ലാമിക ലോകത്ത് വിശ്രുത വ്യക്തിത്വമാണ്. ഖത്താന്റെ ഖുത്ബകളും പ്രഭാഷണങ്ങളും ക്ലാസുകളും ആയിരക്കണക്കായ ഹൃദയങ്ങളെ വെളിച്ചത്തേക്ക് നയിച്ചിട്ടുണ്ട്. കഴിഞ്ഞ റമദാനിലെ നാല് വെള്ളിയാഴ്ചയും കുവൈത്തിലെ സൗത്ത് സുർറയിൽ ഖത്താൻ ഖുത്ബ നടത്തുന്ന ശൈഖ് ജാബിറുൽ അലി അസ്സ്വബാഹ് മസ്ജിദിൽ സംബന്ധിച്ച്, ധന്യവും അനുഗൃഹീതവുമായ ആ പ്രഭാഷണങ്ങൾ ശ്രവിക്കാൻ സാധിച്ച നിർവൃതിയുടെ നിറവിലാണ് ഖത്താന്റെ പ്രബോധന-വിപ്ലവ മനസ്സിലൂടെയുള്ള അനുയാത്ര. ജീവിതം പ്രബോധനത്തിന് സമർപ്പിച്ച ഖത്താന്റെ ഹൃദയത്തിൽ തുടിക്കുന്ന വിശ്വാസത്തിന്റെയും വിപ്ലവത്തിന്റെയും വികാരങ്ങളേറ്റുവാങ്ങി പ്രചോദനം കൊള്ളാൻ കഴിയുന്ന ആയിരങ്ങളിൽ ഒരുവനാവാൻ കഴിയുക എന്നത് ജീവിതത്തിലെ മഹാഭാഗ്യമാണ്.



'മിനാരങ്ങൾക്കൊരു സുവർണരേഖ' എന്ന തലക്കെട്ടിൽ 1982-ൽ ശൈഖ് ഖത്താനെക്കുറിച്ച് *പ്രബോധന*ത്തിൽ ലേഖനമെഴുതിയിരുന്നു. അന്ന് കൈഫാനിലെ മസ്ജിദ് അൽബാനിലായിരുന്നു ഖത്താന്റെ ഖുത്ബ. കുവൈത്തിലെ ഇസ്‌ലാമിക ഹൃദയങ്ങൾ ഖത്താന് ചുറ്റും കറങ്ങുന്ന കാലം. ബാങ്കിന് മണിക്കൂറുകൾക്ക് മുമ്പേ തന്നെ മസ്ജിദ് ജനസമുദ്രമായി മാറുന്ന അത്ഭുത ദൃശ്യം. പ്രഭാഷണം അനുഗൃഹീതമായ ആവിഷ്കാര സിദ്ധിയാണ്. നിരന്തരവും നിസ്തന്ദ്രവുമായ സാധന വേണ്ട കല. പ്രസംഗം സാർഥകമാവുന്നത്, അത് അനുവാചകരിൽ അനുഭവവേദ്യമാകുമ്പോഴാണ്. പ്രസംഗം വിജയിക്കണമെങ്കിൽ അതിനു പറ്റിയ ശ്രോതാക്കൾ ഉണ്ടാവുകയും അവർക്ക് അത് അനുഭവിച്ച് ഉൾക്കൊള്ളാൻ കഴിയുകയും വേണം. ശൈഖ് ഖത്താൻ ഇസ്‌ലാമിക മനസ്സിന്റെ തുടിപ്പുകൾക്ക് തെളിഞ്ഞ ഭാഷയുടെയും മാസ്മരശബ്ദത്തിന്റെയും വിവരണ ചാരുതയുടെയും അകമ്പടിയോടെ ജീവൻ നൽകി. അവരുടെ ആശകൾക്കും അഭിലാഷങ്ങൾക്കും ആകാരം നൽകി. ഹൃദയവികാരങ്ങൾ ഒപ്പിയെടുത്ത് അനുവാചക മനസ്സുകളെ തരളിതമാക്കുന്ന പ്രൗഢഗംഭീരമായ ആ ശബ്ദം അവരുടെ ജീവിതത്തിലെ ഉണർത്തുപാട്ടായി.

എൺപതുകളുടെ തുടക്കം. സിറിയയിലെ ഹമാപട്ടണത്തിൽ ആയിരക്കണക്കായ ഇഖ്‌വാനുൽ മുസ്‌ലിമൂൻ പ്രവർത്തകരെ കൊന്നൊടുക്കി അകലെയുള്ള ഗ്രാമങ്ങളിൽ കൊണ്ടുപോയി കുഴിച്ചുമൂടിയ സന്ദർഭം. അറബ് നാടുകളിലൊന്നിൽനിന്നും പ്രതികരണത്തിന്റെ ഒരില പോലും അനങ്ങാത്ത ദുഃഖകരമായ പശ്ചാത്തലത്തിൽ ഖത്താന്റെ കണ്ണീരിൽ കുതിർന്ന മുഴങ്ങുന്ന ശബ്ദം ഹൃദയഭിത്തികളെ ഭേദിച്ചു. പള്ളി വിറകൊണ്ടു. ശ്രോതാക്കൾ പ്രകമ്പിതരായി. കണ്ണുകൾ സജലങ്ങളായി. മനസ്സുകൾ തരളിതമായി. തേങ്ങലുകൾ ഉയർന്നു. അന്നത്തെ തീപ്പൊരി പ്രസംഗത്തിലെ വാക്കുകൾ ഓർക്കുന്നു: "യാ ജിദാറസ്സ്വാമിത്തീൻ, അയ്യു സമാഇൻ തുളില്ലുഹും, അയ്യു അർളിൻ തുഅ്‌വീഹിം" (മൗനികളുടെ മതിലുകളേ, ഏതാകാശമാണ് അവർക്ക് തണൽവിരിക്കാനുള്ളത്? ഏത് ഭൂമിയാണ് അവർക്ക് അഭയമരുളാനുള്ളത്?) സിറിയയിലെ ദുരിത ബാധിതരെ സഹായിക്കാനുള്ള ഖത്താന്റെ ആഹ്വാനത്തിന്റെ ഫലം പുറത്തെ പള്ളിയിലെ വിരിപ്പിൽ ഒന്നരലക്ഷം ദീനാറായി വീണു (രണ്ടു കോടി അറുപതു ലക്ഷം രൂപ).

രണ്ടു മാസം കഴിഞ്ഞുകാണും, പ്രബോധനപര്യടനം കഴിഞ്ഞ് അമേരിക്കയിൽനിന്ന് തിരിച്ചെത്തിയ ഖത്താൻ ഖുത്ബ ആരംഭിക്കുന്നത് സൂറത്തുസ്സുമറിലെ മുപ്പത്താറാം സൂക്തം ഓതിയാണ്. "പ്രവാചകരേ! തന്റെ ദാസന് അല്ലാഹു മതിയായവനല്ലയോ? അവന് പുറമെയുള്ളവരെപ്പറ്റി അവർ നിന്നെ

**പണ്ഡിതനും വാഗ്മിയും പ്രബോധകനുമായ ശൈഖ് അഹ്മദുൽ ഖത്താൻ അറബ്-ഇസ്‌ലാമിക ലോകത്ത് വിശ്രുത വ്യക്തിത്വമാണ്. ഖത്താന്റെ ഖുത്ബകളും പ്രഭാഷണങ്ങളും ക്ലാസുകളും ആയിരക്കണക്കായ ഹൃദയങ്ങളെ വെളിച്ചത്തേക്ക് നയിച്ചിട്ടുണ്ട്.**



*അബ്ദുർറസൂൽ സയ്യാഫ്*



*ഡോ. യൂസുഫുൽ ഖറദാവി*



*അബ്ദുല്ല അസ്സാം*

**'മസ്ജിദുൽ അഖ്സയുടെ മോചന'ത്തിന് സമർപ്പിച്ച മിമ്പറാണ് തന്റേതെന്ന് (മിമ്പറുൽ മസ്ജിദിൽ അഖ്സ)ഓർമിപ്പിക്കുന്ന ഖത്താൻ, ഹമാസിനും ഇൻതിഫാദക്കും വേണ്ടി ത്രസിക്കുന്നതും ശബ്ദിക്കുന്നതും സ്വാഭാവികം. അഫ്ഗാനിലെ അബ്ദുർറസൂൽ സയ്യാഫിനും ഫലസ്ത്വീൻ പോരാളി അബ്ദുല്ലാ അസ്സാമിനും യൂസുഫുൽ ഖറദാവിക്കും മിമ്പർ ഒഴിഞ്ഞ് കൊടുക്കുമ്പോൾ ആ നേതാക്കൾ പ്രതിനിധാനം ചെയ്യുന്ന ആദർശത്തോടും പ്രവർത്തന രീതിയോടുമുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുകയായിരുന്നു അദ്ദേഹം.**

പേടിപ്പിക്കുന്നു." പള്ളി കാത് കൂർപ്പിച്ചു. ഏതോ അജ്ഞാതസംഭവം വിവരിക്കുന്നതിന്റെ മുഖവുര അവർ ആ സൂക്തത്തിൽ ദർശിച്ചു. ഖത്താൻ വിവരിച്ചു തുടങ്ങി: "ഇന്ന് ഈ പള്ളി ബോംബിട്ട് തകർത്ത് എന്നെയും നിങ്ങളെയും ഇല്ലാതാക്കാനും ഇസ്‌ലാമിന്റെ ശബ്ദം എന്നെന്നേക്കുമായി അവസാനിപ്പിക്കാനും ഉദ്ദേശിച്ച് അയൽ രാജ്യത്തെ ഭരണകൂടം നിയോഗിച്ച രണ്ട് വ്യക്തികൾ തൗബ ചെയ്തു ഇവിടെ സന്നിഹിതരായിരിക്കുന്നു. അവർക്ക് വേണ്ടി ഇസ്തിഗ്ഫാർ നടത്താൻ എന്നോടഭ്യർഥിക്കുന്നു." ജനങ്ങൾ സ്തബ്ധരായി. നിമിഷങ്ങൾക്കകം പൊലിയുമായിരുന്ന തങ്ങളുടെ ജീവിതം തിരിച്ചുനൽകിയ അല്ലാഹുവിനെ അവർ വാഴ്ത്തി.

വിഷയങ്ങളുടെ വൈവിധ്യം ആ ഖുത്വ്ബകളെ വേറിട്ടുനിർത്തി. ദേശീയ-അന്താരാഷ്ട്ര-സാമൂഹിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഖത്താന്റെ നാവിൽനിന്ന് മരണം, മരണാനന്തരജീവിതം, സ്വർഗം, നരകം, ദജ്ജാൽ.... എല്ലാം അവർ കേട്ടുപഠിച്ചു. നബി(സ)യുടെ വഫാത്ത് ശൈഖ് ഖത്താന്റെ നാവിലൂടെ കേട്ടുകഴിഞ്ഞപ്പോൾ ശ്രോതാക്കൾ തേങ്ങി. ദുഃഖഭാരത്താൽ ഘനീഭവിച്ച ഹൃദയങ്ങളും കരയുന്ന കണ്ണുകളുമായി ഒരു മരണവീട്ടിൽ നിന്നെന്നപോലെയാണ് ജനം പള്ളിവിട്ടിറങ്ങിയത്.

'മസ്ജിദുൽ അഖ്സയുടെ മോചന'ത്തിന് സമർപ്പിച്ച മിമ്പറാണ് തന്റേതെന്ന് (മിമ്പറുൽ മസ്ജിദിൽ അഖ്സ)ഓർമിപ്പിക്കുന്ന ഖത്താൻ, ഹമാസിനും ഇൻതിഫാദക്കും വേണ്ടി ത്രസിക്കുന്നതും ശബ്ദിക്കുന്നതും സ്വാഭാവികം. അഫ്ഗാനിലെ അബ്ദുർറസൂൽ സയ്യാഫിനും ഫലസ്ത്വീൻ പോരാളി അബ്ദുല്ലാ അസ്സാമിനും യൂസുഫുൽ ഖറദാവിക്കും മിമ്പർ ഒഴിഞ്ഞ് കൊടുക്കുമ്പോൾ ആ നേതാക്കൾ പ്രതിനിധാനം ചെയ്യുന്ന ആദർശത്തോടും പ്രവർത്തന രീതിയോടുമുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുകയായിരുന്നു അദ്ദേഹം. ലോകമെങ്ങുമുള്ള മർദിത ജനകോടികൾക്ക് വേണ്ടി ശബ്ദിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്ന വിമോചകന്റെ സ്വരമാണ് ആ വാക്കുകളിൽ.

◆◆◆ ◆◆◆ ◆◆◆

അധികമാരും അറിയാത്ത തന്റെ ജീവിത പുസ്തകത്തിൽനിന്ന് ചില ഏടുകൾ ശൈഖ് അഹ്മദുൽ ഖത്താൻ തുറന്നു:

"ജീവിതത്തിൽ അനവധി അനുഭവങ്ങളും പരീക്ഷണങ്ങളും പാഠങ്ങളും ഉണ്ടായിട്ടുണ്ട്. ചാഞ്ചാട്ടത്തിന്നടിപ്പെട്ട മനസ്സിന്റെ തടവുകാരനായി പരിഭ്രമ ചിത്തനായാണ് വിദ്യാർഥി ജീവിത കാലം കഴിച്ചുകൂട്ടിയത്. ഗവൺമെന്റ് സ്കൂളിലായിരുന്നു പഠനം. ഇസ്‌ലാമിക് സ്റ്റഡീസും മോറലും പാഠ്യവിഷയങ്ങളായിരുന്നു. പക്ഷേ, എന്ത് ഇസ്‌ലാമിക ശിക്ഷണമാണ് എനിക്ക് ലഭിച്ചത്! നീണ്ട പതിനെട്ടു വർഷങ്ങൾ. കലാലയംവിട്ട് പുറത്തു വന്നത് മതത്തിന്റെ ഒരു അടയാളക്കുറിയും ഇല്ലാതെയാണ്. തികഞ്ഞ നിർമതൻ. നിരീശ്വരവാദി. ഇടവും വലവും ഞാൻ കണ്ണയച്ചു. എങ്ങോട്ട് പോവണം? വഴി ഏതാണ്? ലക്ഷ്യമേതുമില്ലാതെ ജീവിക്കാൻ സൃഷ്ടിക്കപ്പെട്ടവനാണോ ഞാൻ? അന്തരംഗം ശൂന്യം. നിരാശയും ദുഃഖവും കാളിമ പടർത്തിയ ഹൃദയത്തിന്റെ ശോകഭാരം ഇറക്കിവെക്കാൻ ആശ്വാസത്തിന്റെ തുരുത്ത് തേടി അറ്റമില്ലാത്ത മരുഭൂമിയുടെ മടിത്തട്ടിലേക്ക് ഞാനോടും. എന്നെ വിഭ്രമചിത്തനാക്കുന്ന ചോദ്യങ്ങൾക്ക് ആരു മറുപടി തരും? ഏകാന്തതയുടെ തീരങ്ങളിൽ ഞാൻ കാതോർത്തു. പക്ഷേ, ഫലമില്ലാതെ ഖിന്നനും ദുഃഖിതനുമായി തിരിച്ചുപോരും. ഈ അവസ്ഥ കുറെ നാൾ തുടർന്നു. പിന്നെ ഒരു വർഷം ടീച്ചേർസ് ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ചെലവിട്ടു. ആ വർഷമാണ് ജീവിതത്തെ മാറ്റിമറിച്ച സംഭവം ഉണ്ടായത് എന്ന് ഞാനോർക്കുന്നു.

ഇരുട്ടും വ്യഥകളും കുമിഞ്ഞുകൂടിയ ആ ദിനങ്ങളിലൊന്നിൽ ഞാൻ കമ്യൂണിസ്റ്റ് പാർട്ടിയിൽ ആകർഷിക്കപ്പെടുകയും എന്റെ കവിതകൾ അവരുടെ പത്രങ്ങളിലും മാസികകളിലും പ്രസിദ്ധീകരിച്ചു തുടങ്ങുകയും ചെയ്തു. എന്റെ കവിതകൾ അവർ പൊലിപ്പിച്ചു. ഇല്ലാത്ത അർഥതലങ്ങൾ കണ്ടെത്തി ഭാവതീവ്രതയോടെ ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ചു. വാക്കുകൾക്കും വരികൾക്കും പുതിയ പരികൽപനകൾ നൽകി എന്നിലെ കവിയെ അവർ ഊതിവീർപ്പിച്ചു വലുതാക്കിയപ്പോൾ എനിക്ക് ഒരുവേള തോന്നിപ്പോയി. 'പ്രതീക്ഷിക്കപ്പെടുന്ന ഇമാം' ഞാൻ തന്നെയോ? ഞാനൊന്ന് ഉരിയാടുകയേ വേണ്ടൂ അവർ ചെണ്ടകൊട്ടി അറിയിച്ച് അത് സംഭവമായി കൊണ്ടാടും. ഇത് അവരുടെ ഒരു തന്ത്രമാണ്. ഒരാളെ തങ്ങളുടെ കെണിയിൽ വീഴ്ത്തണമെന്ന് അവർ ആഗ്രഹിച്ചാൽ അയാളെ അവർ നന്നായി പഠിക്കും. എന്താണ് അയാളുടെ മട്ടും മാതിരിയും? താൽപര്യങ്ങളും അഭിനിവേശങ്ങളും എന്താണ്? ശക്തിയും ദൗർബല്യവും എന്ത്? അതറിഞ്ഞാൽ പിന്നെ ആ പ്രവേശന കവാടത്തിലൂടെയായിരിക്കും അവരുടെ വരവ്. കവിതയിലും സാഹിത്യത്തിലും സുകുമാരകലകളിലും കമ്പമുള്ള ആളാണ് ഞാനെന്ന് അവർക്ക് മനസ്സിലായി. എന്റെ കവിതാ സമാഹാരങ്ങൾ പ്രസിദ്ധീകരിക്കാനും എനിക്കുവേണ്ടി കവിയരങ്ങുകളും ഗാന സദസ്സുകളും സംഘടിപ്പിക്കാനും അവർ ഒരുമ്പെട്ടിറ

ങ്ങി. ഗാനാലാപനവും കവിത വായനയും ചൊല്ലിയാട്ടവും കൂടിയാട്ടവും രാവേറെ ചെല്ലുവോളം നീളുമായിരുന്നു. തേൻ കുടന്നയിൽ വിഷത്തുള്ളികൾ ഇറ്റിക്കുകയായിരുന്നു പിന്നെ. കുവൈത്തിൽ അന്നുള്ള കൂറ്റൻ പുസ്തകശാലകളിലേക്കെന്നെ കൂട്ടിക്കൊണ്ടുപോകും. ഇഷ്ടമുള്ള ഗ്രന്ഥങ്ങൾ തെരഞ്ഞെടുക്കാൻ അവർ ആവശ്യപ്പെടും. കനപ്പെട്ട ഗ്രന്ഥങ്ങൾ. മനോഹരമായ അച്ചടി. അത്യാകർഷകമായ കെട്ടും മട്ടും. വാങ്ങിത്തന്ന ഒരു ഗ്രന്ഥത്തിന്റെ പേർ ഓർമയിലുണ്ട്. "മാർക്സിസ്റ്റ്-കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ." ക്രമേണ അവർ എന്നെ കോഫിഹൗസുകളിലേക്ക് കൂട്ടിക്കൊണ്ടുപോയി. മേശക്കരികെ അവരോടൊപ്പം എന്നെയും പിടിച്ചിരുത്തും. പഴക്കംചെന്ന് നിറംമങ്ങിയ ചായക്കോപ്പയിൽ ചുണ്ടമർത്തുമ്പോഴേക്കും എവിടെനിന്ന് എന്നറിയാതെ തൊഴിലാളികൾ ഞങ്ങളുടെ മേശക്കു ചുറ്റും ഇരിപ്പുറപ്പിക്കും. നിരത്തിലൂടെ മനോഹരമായ കൂറ്റൻ അമേരിക്കൻ കാറിൽ ആരെങ്കിലും കടന്നുപോകുമ്പോൾ എന്നോട് അവർ പറയും: "നോക്ക്, ഇവനൊക്കെ കാറിൽ ഞെളിഞ്ഞിരുന്ന് പോകുന്നത് നിന്റെയൊക്കെ പിതാക്കന്മാരുടെയും അവരുടെ പൂർവികരുടെയും രക്തം ഊറ്റിക്കുടിച്ചാണ്. അവനിൽനിന്ന് ഇത് പിടിച്ചെടുത്ത് നിന്റേതാകുന്ന ഒരു ദിവസം വരും. അത് സാധിതമാകുന്ന വിപ്ലവത്തിന്റെ കാലൊച്ചകൾ കേട്ടു തുടങ്ങി. 'ഇഫാറി'ൽ നാം ഇതിനുള്ള ഒരുക്കത്തിലാണ്. കുവൈത്തിലും നാം അതിന് വേണ്ട തയാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നു. നാം അത് പ്രാവർത്തികമാക്കും. നിങ്ങൾ അതിന്റെ നായകന്മാരിൽ ഒരാളാവും."

ഇത്രയും കേട്ടപ്പോൾ എന്റെ ഹൃദയത്തിൽ കുടിയിരുന്ന ശൂന്യത പമ്പകടന്നതായും തൽസ്ഥാനത്ത് പുതിയ ചില ചിന്തകളും പ്രതീക്ഷകളും കുടിവെച്ചതായും എനിക്കനുഭവപ്പെട്ടു. ദിവസങ്ങൾ കടന്നുപോയി. മൂന്ന് മാസം കഴിഞ്ഞുകാണും, എന്നെ അവർ അവരുടെ സെല്ലിന്റെ മേധാവിക്ക് പരിചയപ്പെടുത്തി. അയാൾ ഒരു മാസമായി ഈജിപ്തിലായിരുന്നു. രാത്രി മുഴുവൻ ചർച്ചകൾ. അത് പുലരുംവരെ നീണ്ടു. അകലെ നിന്ന് സുബ്ഹ് ബാങ്ക് മുഴങ്ങിയപ്പോൾ, അവർ ബാങ്കിനെ പരിഹസിച്ചു സംസാരിക്കുന്നത് എന്റെ ശ്രദ്ധയിൽ പെട്ടു. എനിക്ക് മനസ്സിലാവാത്ത പല വാക്കുകളും അവർ ഉരുവിടുന്നത് കേൾക്കാം. 'ചരിത്രത്തിന്റെ ഭൗതിക വ്യാഖ്യാനം', 'വൈരുധ്യാധിഷ്ഠിത ഭൗതികവാദം', 'പ്രോലിറ്റേറിയൻ വ്യവസ്ഥിതി', 'ബൂർഷ്വാ-പിന്തിരിപ്പൻ ചിന്തകൾ', 'സോഷ്യലിസവും കമ്യൂണിസവും ലൈംഗികതയിലും സമ്പത്തിലും' അങ്ങനെ പലതും. പിന്നെയും എന്തൊക്കെയോ പറഞ്ഞുകൊണ്ടിരിക്കും. എന്റെ ഇളം ബുദ്ധിയിലിട്ട് കടിച്ചാൽ പൊട്ടാത്ത ആ വാക്കുകൾ മനനം ചെയ്തു നോക്കും. ഈ പ്രയോഗങ്ങളുടെ പൊരുളറിയാതെ എന്റെ ഹൃദയം അസ്വസ്ഥമാകും. എന്റെ ഉള്ളിൽ അത് സംഘർഷമുളവാക്കി. അത് ചോദിച്ചു മനസ്സിലാക്കാൻ എന്റെ ലജ്ജ എന്നെ അനുവദിച്ചതുമില്ല. അവരൊക്കെ വലിയ വലിയ ബുദ്ധിജീവികൾ, ചിന്തകന്മാർ, പ്രതിഭാധനന്മാർ, സാഹിത്യകാരന്മാർ, കവികൾ, ഗ്രന്ഥകാരന്മാർ. അവരോടൊക്കെ സംവദിക്കാൻ എനിക്കെങ്ങനെ ധൈര്യം വരും? ഞാൻ മൗനം പാലിക്കും.

അസ്വസ്ഥനായി കിടന്ന ഒരു പുലർവേള. സുബ്ഹ് ബാങ്ക്വിളി കേട്ടു. 'അല്ലാഹു അക്ബർ' എന്ന് മുഅദ്ദിൻ പറഞ്ഞപ്പോൾ അവർ അല്ലാഹുവിനെ കളിയാക്കുന്നത് കേട്ടു. ശഹാദത്ത് കലിമ ചൊല്ലിയപ്പോൾ നബിയെ പരിഹസിക്കുന്നു. ഇത്രയുമായപ്പോൾ എന്റെ ഉള്ളിന്റെയുള്ളിൽ എവിടെയോ ഒരു കാളൽ. വിശ്വാസത്തിന്റെ ലാവ അന്തരംഗത്ത് തിളച്ചുമറിയുന്നു. ഒരഗ്നിപർവതം പൊട്ടാനൊരുങ്ങുന്നു. ഇരുട്ടിൽ അലയുന്ന ഒരാൾക്ക് അല്ലാഹു വെളിച്ചം നൽകണമെന്ന് ഉദ്ദേശിച്ചാൽ അതിന്റെ വഴികൾ അവൻ എളുപ്പമാക്കും. ഒരുനാൾ സെല്ലിന്റെ മേധാവി പറഞ്ഞു: "എന്റെ യാത്രയിൽ യഥാർഥ കമ്യൂണിസം ഞാൻ ദർശിച്ചതും അനുഭവിച്ചതും ഈജിപ്ഷ്യൻ ജനകീയകവി അബ്നൂദിയുമായുള്ള കൂടിക്കാഴ്ചയിലാണ്. കമ്യൂണിസം പൂർണാർഥത്തിൽ നടപ്പാക്കുന്ന ഏക വ്യക്തി എന്റെ അനുഭവത്തിൽ അദ്ദേഹമാണ്." ഞാൻ ആശ്ചര്യത്തോടെ തിരക്കി: "അതെങ്ങനെ മനസ്സിലായി." "അതോ, പറയാം, രാവിലെ ഞങ്ങൾ ഒരുമിച്ചു പുറത്തേക്കിറങ്ങുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യ വാതിൽക്കൽവന്ന് അദ്ദേഹത്തിന് ഇരുകവിളിലും ചുംബനം നൽകിയാണ് യാത്രയാക്കുക. അപ്പോൾ ഒരു ചുംബനം അരികിൽ നിൽക്കുന്ന എനിക്കും അവർ തരും. ഞങ്ങൾ ഉറങ്ങാൻ കിടക്കുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ഞങ്ങൾക്കിടയിലാണ് കിടക്കുക." അങ്ങനെ അയാൾ പലതും പറഞ്ഞുകൊണ്ടിരുന്നു. ഇത്രയും കേട്ടു കഴിഞ്ഞപ്പോൾ എന്റെ കണ്ണുകളിൽ ഇരുൾ പരക്കുന്നതുപോലെ. എന്റെ ഹൃദയത്തിൽ കൊളുത്തിട്ടു ആരോ വലിക്കുന്നതുപോലെ. അന്തരംഗം ചിന്താവിവശമായി. നിമിഷങ്ങൾക്ക് യുഗങ്ങളുടെ ദൈർഘ്യം. ഞാൻ ആത്മഗതം ചെയ്തു: "ഇതാണോ ഇവർ വാഴ്ത്തിപ്പാടുന്ന വിപ്ലവം! ഇതാണോ പുതിയ ചിന്തകൾ! ഇതാണോ സ്വാതന്ത്ര്യം! അല്ലാഹുവാണ് സത്യം, ഇത് പൈശാചിക വചനങ്ങളാണ്." ഇത്രയുമായപ്പോൾ സദസ്സിലൊരാൾ ധൈര്യം സംഭരിച്ച് ഒരു ചോദ്യം തൊടുത്തുവിട്ടു: "സഖാവേ! കമ്യൂണിസത്തിന്റെ ഉത്തമോദാഹരണമായി അങ്ങ് ഇത് കാണുകയും അനുഭവിക്കുകയും ചെയ്തനിലക്ക്, എന്തുകൊണ്ട് അങ്ങയുടെ ഭാര്യയെ ഞങ്ങളോടൊപ്പം കിടത്തി നമുക്ക് പങ്കിട്ടുകൂടാ?" അദ്ദേഹത്തിന്റെ ജാള്യത്തിൽ പൊതിഞ്ഞ മറുപടി ഞാനോർക്കുന്നു: "ഓ! എന്റെ കാര്യമോ? പഴയ പിന്തിരിപ്പൻ-ബൂർഷ്വാ ചിന്താഗതികളുടെ അവശിഷ്ടങ്ങൾ എന്നിൽ ഇപ്പോഴും ബാക്കികിടക്കുന്നു. ആ മാറാപ്പും പേറിയാണ് ഞാൻ ഇപ്പോഴും നടക്കുന്നത്. നാമെല്ലാം അതിൽനിന്ന് മുക്തരാവുന്ന ഒരു നല്ല നാളെ വരും."

ഈ സംഭവത്തോടെ എന്റെ ജീവിതത്തിലെ വഴിത്തിരിവിന് തുടക്കമായി. ഇവരല്ലാത്ത പുതിയ സഖാക്കളെ തേടിയായി എന്റെ അലച്ചിൽ. അല്ലാഹുവിന്റെ തീരുമാനമെന്നുപറയട്ടെ, ഒരു ദീവാനിയ്യയിൽ ഞാൻ എത്തിപ്പെടുകയും അവിടെ പുതിയ ചില സുഹൃത്തുക്കളെ പരിചയപ്പെടുകയും ചെയ്തു. നമസ്കാരത്തിൽ നിഷ്ഠയുള്ളവരായിരുന്നു അവർ. അസ്ർ നമസ്കാരം കഴിഞ്ഞാൽ അവർ അൽപസമയം കടലോരത്ത് ചെലവഴിച്ച് തിരിച്ചുപോരും. അവർ ചെയ്ത ഒരു വലിയ 'കുറ്റ'മായി ഞാനോർക്കുന്നത് വല്ലപ്പോഴുമുള്ള ചീട്ടുകളിയായിരുന്നു; അതും മടുപ്പുളവാക്കുന്ന ഇടവേളകളിലെ വിരസതയകറ്റാൻ അൽപസമയം മാത്രം.

(തുടരും)